## (1) മെട്രോപൊളിറ്റൻ സിറ്റി

ശ്രീ. ഹൈബി ഈഡൻ : സർ, കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായ കൊച്ചി അനുദിനം വളർന്നു കൊണ്ടിരിക്കുകയാണ്. കൊച്ചി നഗരത്തിന്റെ വികസനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഇൻഡ്യയിലെ വൻകിട നഗരങ്ങളായ ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ, കൊൽക്കത്ത എന്നിവിടങ്ങളിലെ മാതൃകയിൽ ഒരു മെട്രോ പൊളിറ്റൻ സിറ്റിയായി കൊച്ചിയെ വളർത്തേണ്ടതിന്റെ പ്രാധാന്യത്തിലേയ്ക്കാണ് ഈ സഭയുടെ ശ്രദ്ധക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്.

ഈ ഗവൺമെന്റിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കൊച്ചി മെട്രോ പൊളിറ്റൻ റീജിയണൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇൻഡ്യയിലെ മെട്രോ നഗരങ്ങളിലെല്ലാംതന്നെ, മെട്രോ പൊളിറ്റൻ സിറ്റിക്കുമാത്രം ലഭ്യമാകുന്ന വിവിധ വികസന പുരോഗമന ക്ഷേമ പദ്ധതികളുടെ ഗുണം അവിടത്തെ തദ്ദേശവാസികൾക്ക് ലഭിക്കാറുണ്ടെന്ന് നമുക്ക് കാണാൻ സാധിക്കും. ആസൂത്രിതമായ സാമ്പത്തിക വികസനം, ഗതാഗതം, പരിസ്ഥിതി, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ ഒരു വികസന കുതിപ്പിന് മെട്രോ പൊളിറ്റൻ പദ്ധതി കാരണമാകുമെന്നതിൽ സംശയമില്ല. ഇൻഡ്യയിൽ തന്നെ മില്ല്യൺ പ്ലസ് ഗണത്തിൽപ്പെടുന്ന നഗര സഞ്ചയങ്ങളിൽ പതിനേഴാം സ്ഥാനമാണ് ഇപ്പോൾ കൊച്ചിക്കുള്ളത്. കൊച്ചി അതിവേഗം ഒരു ആഗോള നഗരമായി വളർന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നഗരവത്ക്കരണം അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. 1961-ൽ മൊത്തം ജനസംഖ്യയുടെ 15.11 ശതമാനം പേർ മാത്രം നഗരവാസികളായിരുന്ന സ്ഥാനത്ത്, 2001-ൽ 25.97 ശതമാനം പേർ നഗരങ്ങളിൽ പാർക്കു

ന്നവരായിക്കഴിഞ്ഞു. കേരളത്തിലെ നഗരങ്ങളിൽ ഏറ്റവും വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന നഗരം കൊച്ചിയാണ് എന്നുള്ള കാര്യത്തിൽ ആർക്കും യാതൊരുവിധ സംശയവുമില്ല. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ, എറണാകുളം ജില്ലയിലെ എല്ലാ എം.എൽ.എ.മാരും ഈ ആശയവുമായി യോജിക്കുന്നവരാണ്. എറണാകുളത്തിന്റെ ഹൃദയഭാഗത്ത് അല്ലെങ്കിൽ വികസനം നടന്നുകൊണ്ടിരിക്കുന്ന ഈ സ്ഥലങ്ങളിലെല്ലാം ഒരുപാട് സ്ഥലപരിമിതിയുണ്ട്. അതുകൊണ്ടുതന്നെ ഈ നഗരത്തിന്റെ വളർച്ച അതിന്റെ ചുറ്റുപാടുമുള്ള ഗ്രാമപ്രദേശങ്ങളിലും കൂടി ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഞാൻ സൂചിപ്പിച്ച നഗരങ്ങളെയൊക്കെ നോക്കിയാൽ നമുക്ക് കാണാം വികസനങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി, അവിടത്തെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം, പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം തുടങ്ങിയവയൊക്കെ. ഒരു യൂണിഫൈഡ് സിസ്റ്റം ആക്കുന്നതിന്റെ ഭാഗമായി അക്കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്. മെട്രോപൊളിറ്റൻ സ്റ്റാറ്റസിലേയ്ക്ക് എത്താൻ ലഭിക്കുന്ന ഏറ്റവും വലിയ സാധ്യതകളെന്നു പറയുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വിമാനത്താവളം, അന്താരാഷ്ട്ര സ്റ്റേഡിയം, കേരള ഹൈക്കോടതി, കൊച്ചി തുറമുഖം, കൊച്ചിൻ ഷിപ്പ്യാർഡ് തുടങ്ങി ഇന്ത്യയിലെ മെട്രോ റെയിൽ സംവിധാനങ്ങളിൽ അതായത് റോഡ്-റെയിൽ-ജലഗതാഗതം എന്നീ മൂന്ന് മേഖലകളുംകൂടി ഒരുമിക്കുന്ന മൾട്ടീ മോഡൽ സംവിധാനം ഉള്ളത് കൊച്ചിയിൽ മാത്രമാണ്. സ്മാർട്ട് സിറ്റി, ഇലക്ട്രോണിക് സിറ്റി, എൽ.എൻ.ജി ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, കൊച്ചി ഇൻഫോപാർക്ക്, സതേൺ നേവൽ കമാൻഡന്റിന്റെ ഹെഡ്കvാർട്ടേഴ്സ്, വൈറ്റില മൊബിലിറ്റി ഹബ് തുടങ്ങിയവയെല്ലാം കൊച്ചി നഗരത്തെ അല്ലെങ്കിൽ എറണാകുളം ജില്ലയെ സംബന്ധിച്ച് നിർണ്ണായകമായ

ഘടകങ്ങളാണ്. കേരളത്തിൽ മറ്റൊരു മേഖലകളിലുമില്ലാത്തവണ്ണമുള്ള വികസനത്തിലേയ്ക്ക് കൊച്ചി പോയിക്കൊണ്ടിരിക്കുകയാണ്. ആ വികസനം ഉൾക്കൊള്ളുന്നത് കൊച്ചിയിലെ നഗരവാസികൾ മാത്രമായിരിക്കരുത്. അനുബന്ധ പ്രദേശങ്ങളായ അങ്കമാലി, ചാലക്കുടി, കൊടുങ്ങല്ലൂർ, വൈപ്പിൻ, പറവൂർ, കോലഞ്ചേരി, പെരുമ്പാവൂർ, മൂവാറ്റുപുഴ, തൊടുപുഴ, കോതമംഗലം, അരൂർ, ചേർത്തല തുടങ്ങിയ പ്രദേശങ്ങളിൽ കൂടി ലഭ്യമാകണം. എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലെ സ്ഥലങ്ങളിൽ പലപ്പോഴും വികസനം എത്താത്ത സ്ഥിതിവിശേഷമുണ്ട്. കുടിവെള്ളത്തിന്റെ രൂക്ഷമായ പ്രശ്നങ്ങളുള്ള സ്ഥലങ്ങളുണ്ട്. അപ്പോൾ കുടിവെള്ളത്തിന്റെ കാര്യത്തിലും ട്രാൻസ്പോർട്ടേഷൻ സംവിധാനത്തിലുമെല്ലാം ഒരു യൂണിഫൈഡ് സിസ്റ്റം ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന പ്രക്രിയ നടത്തേണ്ട സാഹചര്യം അതിക്രമിച്ചിരിക്കുകയാണ്. അതുപോലെ സിംഗിൾ മൂറിംഗ് പോയിന്റുള്ള, സാറ്റലൈറ്റ് ഠൗൺഷിപ്പുകൾക്ക് ഏറെ സാധ്യതയുള്ള, ടൂറിസം രംഗത്തുതന്നെ പ്രതിവർഷം ഒരുമില്യൻ ജനങ്ങൾ എത്തിച്ചേരുന്ന, കൊച്ചിയിൽ വന്നതിനു ശേഷമാണ് ഹിൽ ടൂറിസത്തിന് ഇടുക്കിയിലേയ്ക്കും ബാക്ക് വാട്ടർ ടൂറിസത്തിന് ആലപ്പുഴയിലേയ്ക്കും കുമരകത്തേയ്ക്കും ബീച്ച് ടൂറിസത്തിന് ചേറായി പോലുള്ള മറ്റ് പ്രദേശങ്ങങ്ങളിലേയ്ക്കും പോകുന്നത്. മീറ്റിംഗ് പോയിന്റ് എന്നുള്ള രീതിയിൽ കൊച്ചി ഒരു മെട്രോപൊളിറ്റൻ സിറ്റിയായി വളർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് എനിക്ക് ഈ സഭയുടെ ശ്രദ്ധക്ഷണിക്കാനുള്ളത്. ജി.സി.ഡി, കൊച്ചി നഗരസഭ പോലുള്ള ഭരണഘടനാസ്ഥാപനങ്ങൾ ഉണ്ടെങ്കിൽത്തന്നെയും ഒരു യൂണിഫൈഡ് സിസ്റ്റമുണ്ടാകേണ്ടത് വളരെ അത്യാവശ്യമായതുകൊണ്ടുതന്നെ ഈ വിഷയം ഏറ്റവും ഗൗരവതരമായ രീതിയിൽ ഈ സഭ പരിഗണിക്കണമെന്ന് ആവശ്യപ്പെടുക

യാണ്. അതോടൊപ്പംതന്നെ കേരളത്തിന്റെ വളർച്ചയ്ക്ക് വലിയ തോതിൽ സംഭാവന ചെയ്യാൻ പോകുന്ന, കൂടുതൽ ചർച്ചകൾക്ക് വിധേയമാകാൻ പോകുന്ന ഒരു ആശയമായിരിക്കും കൊച്ചി മെട്രോപൊളിറ്റൻ സിറ്റി എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

## മെട്രോപൊളിറ്റൻ സിറ്റി

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കേരളത്തിലെ ഗ്രാമങ്ങൾ നഗരങ്ങളോട് ലയിക്കുകയാണെന്ന് കഴിഞ്ഞവർഷം സംസ്ഥാന നഗരാസൂത്രണ വകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. രണ്ട് ദശകത്തിനിടെ സംസ്ഥാനത്തെ നഗരങ്ങൾ വളർച്ചയുടെ കാര്യത്തിൽ വലിയ കുതിപ്പുണ്ടാക്കി. ഇതിൽ എടുത്ത് പറയാവുന്ന വളർച്ചയും വികസനവുമുണ്ടാക്കിയ നഗരമാണ് കൊച്ചി. ഭൗതിക വികസനം, ജനസംഖ്യ, സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പഠനത്തിൽ സംസ്ഥാനത്തെ ഏക ഒന്നാംക്രമ നഗരം കൊച്ചിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൊച്ചിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസനം ത്വരിതപ്പെടുത്താനുമുള്ള ശ്രമത്തിന്റെ ആദ്യപടിയായി സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ കൊച്ചി മെട്രോപൊളിറ്റൻ റീജിയണൽ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. നഗരവത്ക്കരണത്തിന്റെ വേഗതയാണ് കൊച്ചിയുടെ പ്രതീക്ഷ. ആഗോളനഗരത്തോട് കിടപിടിക്കാവുന്ന സാധ്യതകൾ ഇവിടെ പ്രകടമാണ്. 1991–ൽ സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 15.11

ശതമാനംപേർ മാത്രം നഗരവാസികളായുണ്ടായിരുന്ന സ്ഥാനത്ത് 2001-ൽ അത് 25.97 ശതമാനമായി ഉയർന്നു. ഇന്ന് കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 48 ശതമാനവും വസിക്കുന്നത് നഗരങ്ങളിലാണ്. എറണാകുളം ജില്ലയിലെ കോതമംഗലം, മൂവാറ്റുപുഴ എന്നീ പട്ടണങ്ങളൊഴികെ ജില്ലയിലെ എല്ലാ നഗരപ്രദേശങ്ങളും കൊച്ചി നഗരസഞ്ചയത്തിന്റെ ഭാഗമാണ്. കേരളത്തിലെ എല്ലാ ജില്ലകളും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ ഏതാനും ജില്ലകളും വ്യാപരാവശ്യങ്ങൾക്കായി കൊച്ചി തുറമുഖത്തേയും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനേയുമാണ് ആശ്രയിക്കുന്നത്. കാക്കനാടുള്ള വിവരസാങ്കേതിക വിദ്യാധിഷ്ഠിത സ്ഥാപനങ്ങൾ, അന്താരാഷ്ട്ര വിമാനത്താവളം, നഗരത്തിലും പരിസരത്തിലുമുള്ള വാസ-വാണിജ്യ വികസനങ്ങളുടെ തീവ്രത തുടങ്ങിയവ കൊച്ചിയുടെ സമസ്ത മേഖലകളിലേയും ഊർജ്ജമായി മാറുന്നത് നിരീക്ഷിക്കാവുന്നതാണ്. മെച്ചപ്പെട്ട റോഡുകൾ, റെയിൽ ശൃംഖലകൾ, തുറമുഖം, വിമാനത്താവളം, ജലഗതാഗത സൗകര്യങ്ങൾ എന്നിവയെല്ലാം അറബിക്കടലിന്റെ റാണിയെ ആഗോളനഗരത്തിലേയ്ക്ക് ക്ഷണിക്കുന്ന ഘടകങ്ങളാണ്. കൊച്ചി തുറമുഖം, കപ്പൽ നിർമ്മാണശാല, സ്റ്റോക്ക് എക്സ്ചേഞ്ച്, സ്മാർട്ട് സിറ്റി, മെട്രോ റെയിൽ പദ്ധതി തുടങ്ങിയവും കൊച്ചിയുടെ നേട്ടങ്ങളാണ്. കൂടാതെ ആലുവ-ഏലൂർ വ്യവസായ മേഖലയും കൊച്ചിയോട് ചേർന്നാണ് കിടക്കുന്നത്. ഇന്ന് ഇന്ത്യയിലെ പ്രമുഖ നഗരങ്ങളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്ന വ്യവസായ-വാണിജ്യ നഗരത്തെ സംസ്ഥാനത്തിന്റെ 'നഗര മുഖശ്രീ' ആക്കിമാറ്റാനുള്ള നടപടികൾ പലഘട്ടങ്ങളിലായി തുടങ്ങിയിട്ടുണ്ട്. 4574 ചതുരശ്ര മീറ്റർ വ്യാപിച്ചുകിടക്കുന്നതും 46 ലക്ഷം ജനങ്ങൾ വസിക്കുന്നതു

മായ പ്രദേശം ഉൾപ്പെടുത്തി 'കൊച്ചി മെട്രോപൊളിറ്റൻ റീജിയണൽ ഡെവലപ്പ്മെന്റ് അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള കരട് പദ്ധതി ജി.സി.ഡി.എ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ പദ്ധതി സർക്കാർ ചീഫ് ഠൗൺ പ്ലാനറുടെ പരിശോധനയ്ക്കായി അയയ്ക്കുകയും 2033 ചതുരശ്രമീറ്റർ വിസ്തീർണ്ണവും 35 ലക്ഷം ജനങ്ങൾ വസിക്കുന്നതുമായ മാള, കൊടുങ്ങല്ലൂർ, അങ്കമാലി, പെരുമ്പാവൂർ, പിറവം, കോലഞ്ചേരി, തലയോലപ്പറമ്പ്, വൈക്കം, ചേർത്തല എന്നീ പ്രദേശങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയോടെ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. കൊച്ചിക്കും സമീപ പ്രദേശങ്ങൾക്കുമായി 'ജൻറം' പദ്ധതിയുടെ ഭാഗമായി സിറ്റി ഡെവലപ്പ്മെന്റ് പ്ലാൻ കൊച്ചി കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. 10 ലക്ഷത്തിലേറെ ജനസംഖ്യയുള്ളതും ഒന്നോ അതിലധികമോ ജില്ലകളിലുൾപ്പെടുന്നതും രണ്ടോ അതിലേറെയോ നഗരങ്ങളും പഞ്ചായത്തുകളും ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ഉൾപ്പെടുന്ന ഒരു നിശ്ചിത പ്രദേശത്തെ മെട്രോപൊളിറ്റൻ ഏരിയയായി വിജ്ഞാപനം ചെയ്യുന്നതാണെന്ന് 74-ാം ഭരണഘടനാ ഭേദഗതി നിയമം വ്യവസ്ഥ ചെയ്യുന്നുമുണ്ട്. വിദ്യാഭ്യാസം, ടൂറിസം, ആരോഗ്യം, വാണിജ്യം, വ്യവസായം തുടങ്ങി സമസ്ത മേഖലകളും ചലനാത്മകമായ നഗരമാണ് കൊച്ചി. ഈ നഗരത്തിന്റെ വികസനം സംസ്ഥാനത്തിന്റെ ആകെയുള്ള വികസനത്തെ ഗുണകരമായി സ്വാധീനിക്കുമെന്നത് ഉറപ്പാണ്. മേൽ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ നഗര മുഖശ്രീയായി കൊച്ചിയെ മാറ്റാനുള്ള ശ്രമം സർക്കാർ നടത്തിവരികയാണ്. മെട്രോപൊളിറ്റൻ സിറ്റി

രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, വാണിജ്യ-വ്യാവസായിക-സാമ്പത്തിക ബന്ധം അരൂർ പോലുള്ള പ്രദേശങ്ങളിലാണെങ്കിലും അല്ലെങ്കിൽ എറണാകുളം ജില്ലയുടെ ഭാഗമല്ല എങ്കിൽക്കൂടിയും പല പ്രദേശങ്ങളും കൊച്ചിയുമായി ദൈനംദിന ജീവിതത്തിൽ ബന്ധപ്പെട്ടുകിടക്കുകയാണ്. ജില്ലാ അതിർത്തി ഇതിനൊരു പ്രശ്നമാകാൻ സാധ്യതയുണ്ടോ; അല്ലെങ്കിൽ കൗൺസിൽ, സിറ്റി രൂപീകരിക്കുന്നതിന് സെൻട്രൽ ഗവൺമെന്റിന്റെ എന്തെങ്കിലും പരിമിതികളുണ്ടോ അല്ലെങ്കിൽ ഒരു നോട്ടിഫിക്കേഷനിലൂടെ അത് നടത്താൻ സാധിക്കുമോ എന്നറിയാൻ താത്പര്യമുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജില്ലാ അതിർത്തി ഒരു മാനദണ്ഡമായി കണക്കാക്കുന്നില്ല. അതുകൊണ്ട് പ്രശ്നമില്ല. അതുപോലെതന്നെ സംസ്ഥാന സർക്കാർ തീരുമാനിച്ചാൽ നടപ്പിലാക്കാൻ കഴിയുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ മറ്റ് കാര്യങ്ങളൊന്നും ഇതിന് ആവശ്യമില്ല.

## (2) ഫാസ്റ്റ് ട്രാക്ക് കോടതികൾ

ശ്രീമതി കെ. കെ. ലതിക: സർ, 2012 ഡിസംബർ 16-ന് ഡൽഹിയിൽ ഓടിക്കൊണ്ടിരുന്ന ബസ്സിൽവച്ച് കൂട്ടബലാത്സംഗത്തിനിരയായി രക്തസാക്ഷിത്വം വരിച്ച ജ്യോതികാ സിംഗിന്റെ മരണവും, കോൺഗ്രസ്സിന്റെ സമുന്നത നേതാവും രാജ്യസഭാ ഉപാദ്ധ്യക്ഷനുമായ ശ്രീ. പി.ജെ.കുര്യൻ ഉൾപ്പെട്ടിട്ടുണ്ടെന്ന് ആരോപിക്കപ്പെടുന്ന സൂര്യനെല്ലിക്കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയെ അസ്ഥിരപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായവും സ്ത്രീകൾക്കെതിരായ പീഡ

നങ്ങളെ വർദ്ധിച്ച തോതിൽ സമൂഹ മനഃസാക്ഷിക്കുമുൻപിൽ എത്തിച്ചിരിക്കുകയാണ്. പൊതുയിടങ്ങളിലും സ്വകാര്യയിടങ്ങളിലും എന്തിന് കുടുംബത്തിൽപ്പോലും സ്ത്രിക്ക് പീഡനം ഏറ്റുവാങ്ങേണ്ടിവരുന്നു. ധാരാളം അവകാശങ്ങൾ നഷ്ടപ്പെടുത്തിയവരാണ് സ്ത്രീകൾ. ചരിത്രത്തിൽനിന്നും ഇതിന് ഒരുപിടി ഉദാഹരണങ്ങൾ നിരത്താനാകും. ഇന്നത്തെ നിലയിൽ നമ്മൾ കാണുന്ന കുടുംബങ്ങൾ, സാമൂഹ്യ വ്യവസ്ഥ ഇതെല്ലാം സ്ത്രീയുടെ ത്യാഗത്തിന്റെ അതായത് സ്ത്രീ സ്വന്തം സ്വാതന്ത്ര്യം ത്യജിച്ചതിന്റെ വിലയായി നമ്മൾ നേടിയതാണ്. സമ്പത്തിനുമുകളിൽ, കുടുംബ വ്യവസ്ഥയ്ക്കുമുകളിൽ സ്ത്രീക്കുണ്ടായിരുന്ന അധികാരങ്ങൾ നഷ്ടമായ സ്ത്രീക്ക് ഇന്ന് സ്വന്തം ഉടലിന്മേലുള്ള അധികാരം സംരക്ഷിക്കാനുള്ള പോരാട്ടം കൂടി നടത്തേണ്ടി വന്നിരിക്കുകയാണ്. 1991 മുതൽ നടപ്പിലാക്കിയ ആഗോളവത്ക്കരണം മുതലാളിത്ത സംസ്കാരത്തിലേയ്ക്ക് നമ്മേയും കൊണ്ടെത്തിച്ചിരിക്കുകയാണ്. ആഗോളവത്ക്കരണം അതിശക്തമായതോടെയാണ് ഇന്ത്യയിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുതുടങ്ങിയത്. ആഗോളവത്ക്കരണം നമ്മുടെ മാനസിക ഘടനയെത്തന്നെ തകർത്തു. മണ്ണ് കണ്ടാൽ അതിടിച്ചുനിരത്തി കോൺക്രീറ്റ് കെട്ടിടം പണിയണം, പെണ്ണിനെ കണ്ടാൽ അവളെ ലൈംഗികാവശ്യത്തിനു ഉപയോഗിക്കുക മാത്രമല്ല അതിനുശേഷം കീറിമുറിക്കണം എന്നിങ്ങനെ പ്രകൃതിയുടെ ഉർവ്വരതകളോട് ക്രൂരത കാണിക്കുന്ന സമീപനത്തിലേയ്ക്കാണ് നമ്മെ ആഗോളവത്ക്കരണം കൊണ്ടെത്തിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് സ്ത്രീകൾക്കെതിരായ ശാരീരിക–ലൈംഗിക–മാനസിക പീഡനങ്ങളിൽ അതിവേഗം തീർപ്പ്കൽപ്പിക്കുന്നതിന് സംവിധാനങ്ങളൊരുക്കുന്നതിനെക്കുറിച്ച് ഞാൻ ബഹുമാ

നപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നീതി വൈകുന്നത് നീതി നിഷേധിക്കലാണ് – Justice delayed is Justice denied. ഹൈക്കോടതിയിൽ സ്ത്രീ പീഡനക്കേസ്സുകൾക്ക് പ്രത്യേക ബഞ്ച് തുടങ്ങിയത് സ്വാഗതാർഹമാണ്. എന്നാൽ ഇത് മാത്രം പോര. താഴെത്തട്ടിൽ സംസ്ഥാനത്തെ എല്ലാ ജില്ലയിലും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലുള്ള വിചാരണ കോടതികൾകൂടി ഇതിനുമാത്രമായി സ്ഥാപിക്കണം. സ്ത്രീപീഡനത്തിനിരയായ പെൺകുട്ടികൾക്കും സ്ത്രീകൾക്കും വർഷങ്ങളോളം കോടതി കയറിയിറങ്ങേണ്ട അവസ്ഥയാണുള്ളത്. അത് മാനസിക വ്യഥകൾ സഹിക്കേണ്ട ഒരു സ്ഥിതിവിശേഷമാണുണ്ടാക്കുന്നത്. എന്റെ പ്രധാനപ്പെട്ട ആവശ്യമെന്ന് പറയുന്നത്, ഇന്ത്യൻ ശിക്ഷാനിയമത്തിലും ക്രിമിനൽ നടപടി ചട്ടങ്ങളിലും ഇന്ത്യൻ തെളിവ് നിയമത്തിലും സംസ്ഥാനത്തിന്റേതായ ഭേദഗതികൾ കൊണ്ടുവന്ന് സ്ത്രീപീഡന കേസ്സുകൾ കുറ്റം തെളിയിക്കേണ്ട ബാധ്യത പീഡിനത്തിനരയായവരിൽ നിന്നും മാറ്റി താൻ നിരപരാധിയാണെന്ന് തെളിയിക്കേണ്ട ബാധ്യത കുറ്റാരോപിതരായവർക്ക് നൽകുന്ന വിധത്തിൽ നിയമങ്ങൾ പരിഷ്ക്കരിക്കണം. നമ്മുടേത് ഒരു പരിഷ്കൃത സമൂഹമാണ്. ഈ അന്തസ്സ് നമുക്ക് നിലനിറുത്തണം. സ്ത്രീകൾക്ക് സമൂഹത്തിൽ ലഭിക്കുന്ന പരിഗണനയാണ് സമൂഹത്തിന്റെ സാംസ്കാരിക അളവുകോൽ (കൾച്ചറൽ ഇൻ്റക്സ്) നിശ്ചിയിക്കുന്നത്. ഇന്ന് നമ്മുടെ സമൂഹത്തിൽ പീഡിനത്തിനിരയാകുന്ന സ്ത്രീകൾ, ബാലാൽസംഗം ഉൾപ്പെടെയുള്ള കേസ്സുകൾ അവയ്ക്കൊന്നും സമയബന്ധിതമായി നടപടിയുണ്ടാകുന്നില്ല. ഇപ്പോൾ ചർച്ച ചെയ്യുന്ന സൂര്യനെല്ലി കേസ് 17 വർഷമായി. 17 വർഷമെന്ന് പറയുന്നത് ഒരു സ്ത്രീയെസംബന്ധിച്ചിടത്തോളം തന്റെ ജീവിതം തന്നെയാണ്. 32 വയസ്സുകഴിഞ്ഞാൽ ആ

പെൺകുട്ടിക്ക് ഇനി എന്താണ് ബാക്കിയുള്ളത്? 17 വർഷം കഴിഞ്ഞു. ഇനി എന്തു വിധിയാണ് വരാൻ പോകുന്നത്? വിധി നിർണ്ണയം വേഗത്തിലാക്കാനാവശ്യമായ സമീപനമുണ്ടാകണം. പതിനായിരത്തിലധികം റേപ്പ് കേസ്സുകൾ കെട്ടിക്കിടക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ഇത്തരം കേസ്സുകളിൽ വിധി വരുമ്പോൾ കാലം എത്ര കഴിയും? സൂര്യനെല്ലി കേസ്സിലെ കുട്ടി പ്രായപൂർത്തിയാകാത്ത കുട്ടിയായിരുന്നു. ഇന്ന് പ്രായപൂർത്തി കഴിഞ്ഞ കുട്ടിയായി മാറി. സ്ത്രീകൾക്ക് ലഭിക്കേണ്ട നീതിയുടെ വൈകൽ, അത് നമ്മുടെ സമൂഹത്തെ തന്നെ ദോഷകരമായി ബാധിക്കുകയാണ്. അതുകൊണ്ട് വളരെ വേഗത്തിൽ തീർപ്പുകൽപ്പിക്കാനവശ്യമായ സമീപനം, ഫാസ്റ്റ് ട്രാക് സംവിധാനം ഈ കാര്യത്തിൽ ഏർപ്പെടുത്താൻ ആവശ്യമായ സമീപനമുണ്ടാകണം. സ്ത്രീസമൂഹം മാത്രമല്ല ലക്ഷക്കണക്കിന് ആളുകളടങ്ങിയ പൊതുസമൂഹം ഇതിനെതിരെ നടത്തിയ പോരാട്ടങ്ങൾ നമ്മൾ കണ്ടതാണ്. കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയ്ക്ക് അകത്തും പുറത്തും പ്രക്ഷോഭങ്ങൾ നടന്നു. എന്നിട്ടും ഇപ്പോൾ നമ്മൾ കേട്ട വാർത്ത എന്താണ്? കൊട്ടരക്കരയിൽ 15 വയസ്സായ ഒരു കുട്ടിയെ പീഡിപ്പിച്ചുവെന്ന് പറയുന്നതാണ്. കുറ്റക്കാർ ശിക്ഷിക്കപ്പെടാൻ ഒരുപാട് വൈകുന്നതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നത്. അതുകൊണ്ട് വളരെ വേഗത്തിൽ സ്ത്രീകൾക്ക് നീതി ലഭിക്കാനവശ്യമായ സംവിധാനമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്നുള്ളത് ഒരു സമൂഹത്തിന്റെ നന്മയുടെ ഏറ്റവും വലിയ അളവുകോലാണ്. ആ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ നമുക്ക് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട

മെമ്പർ, ഇവിടെ വൈകി കിട്ടുന്ന നീതി, നീതി നിഷേധത്തിന് തുല്യമാണെന്ന് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇങ്ങനെയുള്ള കേസ്സുകളിലുണ്ടാകുന്ന അനന്തമായ കാലതാമസം ഒഴിവാക്കിയേ മതിയാകൂ. ഗവൺമെന്റ് ആ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധചെലുത്തുന്നതാണ്. കുട്ടികളോടും സ്ത്രീകളോടും കാണിക്കുന്ന ക്രൂരതയുടെ തെളിവാണ് അടുത്ത കാലത്തുണ്ടായ, വളരെ ക്രൂരമായി കൊലചെയ്യപ്പെട്ട 3 സംഭവങ്ങൾ. ഒന്ന് ഷൊർണ്ണൂരിനടുത്തുള്ള സൗമ്യ എന്ന പെൺകുട്ടി രണ്ട്, കായംകുളത്ത് ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങിയ സൗമ്യ എന്ന പെൺകുട്ടി മൂന്ന്, തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാടിനടുത്തുള്ള ആര്യ എന്ന പെൺകുട്ടി. ഈ മൂന്നുപേരും ഏറ്റവും മൃഗീയമായ രീതിയിൽ പീഡനത്തിനുശേഷം കൊലചെയ്യപ്പെട്ടു. ആ മൂന്നു കേസ്സുകളിൽ സമയബന്ധിതമായി പ്രതികളെ കണ്ടെത്തുകയും കേസ് നടത്തുകയും ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ കോടതിയിൽ നിന്ന് വിധിയുണ്ടാക്കാൻ സാധിക്കുകയും ക്യാപ്പിറ്റൽ പണിഷ്മെന്റ് അവർക്ക് നൽകുകയും ചെയ്തു. വിധിക്കെതിരായ അപ്പീലിന്റെ കാര്യത്തിലും അതുപോലെതന്നെ പരമാവധി ശ്രദ്ധിക്കാം. ഇപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഇങ്ങനെയുള്ള കേസ്സസുകൾ ഏറ്റവും വേഗത്തിലാക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽ ഒരു സിംഗിൾ ബഞ്ചും ഡിവിഷൻ ബഞ്ചും പ്രത്യേകമായി ചീഫ് ജസ്റ്റീസ് രൂപീകരിച്ചിട്ടുണ്ട്. ഈ അടുത്ത ദിവസം നിയമവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് തിരുവനന്തപുരത്തുവച്ച് വിശദമായ ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ മൂന്ന് അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി

സ്ഥാപിക്കാൻ തീരുമാനിച്ചു. ഹൈക്കോടതിയുടെ ഒരു ഉത്തരവ് 18–01–2013 –ൽ തന്നെ പുറപ്പെടുവിച്ചു. ആ കോടതി കഴിഞ്ഞ മാസം 27–ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ചു. സുപ്രീം കോടതി ചീഫ് ജസ്റ്റീസ് വന്നാണ് ഉദ്ഘാടനം ചെയ്തത്. ഇനി രണ്ട് കോടതി കൂടി (തിരുവനന്തപുരം, കോഴിക്കോട്) അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി തുടങ്ങാനായി തത്വത്തിൽ തീരുമാനിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം കിട്ടിയാലുടനെ തന്നെ ഗവൺമെന്റ് അതിന് അംഗീകാരം കൊടുക്കുന്നതാണ്. അതുപോലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗർഭസ്ഥ ശിശുലിംഗനിർണ്ണയ നിരോധന നിയമമനുസരിച്ചും സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക അതിക്രമ നിരോധന നിയമമനുസരിച്ചും ഓരോ പുതിയ മജിസ്ട്രേറ്റ് കോടതി തുടങ്ങണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം ഗവൺമെന്റിന് ലഭിച്ചിരുന്നു. കഴിഞ്ഞ ദിവസം ചീഫ് ജസ്റ്റീസുമായി നടത്തിയ ചർച്ചയിലും ഈ പ്രശ്നം ഞങ്ങൾ ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 14–11–2012–ലെ സർക്കാർ ഉത്തരവ് അനുസരിച്ച് 24 മജിസ്ട്രേറ്റ് കോടതികളെ റീ–ലൊക്കേറ്റ് ചെയ്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസ്സുകൾ കൈകാര്യം ചെയ്യാനുള്ള കോടതികളാക്കി മാറ്റാമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാർ സമ്മതിച്ചിരുന്നു. അങ്ങനെ എല്ലാ ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം മാറ്റിവച്ചുകൊണ്ട് 24 മജിസ്ട്രേറ്റ് കോടതികൾ എല്ലാ ജില്ലകളിലും ഏറ്റവും വേഗത്തിൽ ഓരോന്ന് തുടങ്ങാനായി തീരുമാനമെടുത്തിട്ടുണ്ട്. കോടതികളിലെ നടപടി ക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് പ്രത്യേകമായ സംവിധാനം ഹൈക്കോ

ടതി ലെവലിലും ജില്ലാ ലെവലിലും അതിനുപുറമേ മജിസ്ട്രേറ്റ് കോടതി ലെവലിലും കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. ഇതുപോലു ള്ള കേസ്സുകളുടെ കാര്യത്തിൽ വേഗത്തിൽ തീരുമാനമുണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. കെ. ലതിക: സർ, ഹൈക്കോടതിയിൽ വിചാരണ കാത്ത് ലൈഗിംക പീഡന, സ്ത്രീപീഡന കേസ്സുകളുൾപ്പെടെ എത്ര കേസ്സുകളാണ് ഇപ്പോൾ കെട്ടിക്കിടക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിന്റെ കൃത്യമായ നമ്പർ ഇപ്പോൾ എന്റെ കയ്യിലില്ല. ഈ കാര്യത്തിൽ കാലതാമസമുണ്ടാകുന്നുണ്ട് എന്ന് പറഞ്ഞതി നോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ആ കാലതാമസം ഒഴിവാക്കുന്ന തിന് വേണ്ടിയാണ് ശ്രമിക്കുന്നത്. ഇനിയും പുതിയതായി എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അതും പരിശോധിച്ച് കൂടുതൽ കോടതികളുടെ ആവ ശ്യമുണ്ടെങ്കിൽ അതിനുള്ള നടപടികളും സ്വീകരിക്കുന്നതാണെന്ന് വ്യക്തമാ ക്കാൻ ആഗ്രഹിക്കുന്നു.